**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661** **30-01-2024 - ൽ മറുപടിയ്ക്ക്**

**ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം അവസാനിപ്പിച്ച പവർ ഡിവൈസസ്, റെക്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | തൃശ്ശൂരിലെ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ പവർ ഡിവൈസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ CP 40/2001 എന്ന നമ്പറിലും, കെൽട്രോൺ റെക്ടിഫയേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ CP 31/2002 എന്ന നമ്പറിലും ആണ് ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ ഉള്ളത്.<br><br>ടി വ്യവഹാരങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2015-16 വർഷങ്ങളിൽ കമ്പനി നിയമം, 1956 ലെ ലിക്വിഡേഷൻ വ്യവസ്ഥകൾ അനുസരിച്ച് ടി കമ്പനികളെ ലിക്വിഡേറ്റ് ചെയ്യുവാൻ ഉത്തരവായി. ടി ഉത്തരവ് അനുസരിച്ച് ഹൈക്കോടതിയുടെ ഒഫീഷ്യൽ ലിക്വിഡേറ്റർ ടി കമ്പനികളുടെ ചുമതല ഏറ്റെടുക്കുകയും സ്ഥാവര ജംഗമ വസ്തുക്കളുടെ കൈവശവും ഏറ്റെടുക്കുകയും ചെയ്തു.<br><br>കമ്പനി നിയമം 1956 പ്രകാരം ഏറ്റെടുത്ത വസ്തുക്കൾ കൈവശം കിട്ടുന്നതിനായി കെൽട്രോൺ 2017 ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ടി കമ്പനികളുടെ വസ്തുവിൽ 100 MW Solar Panel Manufacturing unit സ്ഥാപിക്കുന്നതിന് വേണ്ടി ഒരു പ്രോജെക്ട് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.<br><br>കെൽട്രോൺ, വസ്തു കൈവശം കിട്ടുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയും, കമ്പനീസ് ആക്ട് 1956-ലെ സെക്ഷൻ 391 മുതൽ 394 വരെ നിഷ്കർഷിച്ചിരിക്കുന്ന ഫോർമാറ്റ് പ്രകാരമുള്ള പുതിയ അപേക്ഷ നൽകാൻ അവസരം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരികയാണ്. ഇപ്പോഴത്തെ ഈ ഭൂമിയുടെ ബാദ്ധ്യത 13 കോടി രൂപയാണ്. |
| (ബി) | പ്രസ്തുത വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും കേസ് തിരിച്ച് കോടതി തിരിച്ച് വ്യക്തമാക്കുമോ? | (ബി) | തൃശ്ശൂരിലെ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ പവർ ഡിവൈസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ CP 40/2001 എന്ന നമ്പറിലും, കെൽട്രോൺ റെക്റ്റിഫയേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ CP 31/2002 എന്ന നമ്പറിലും ആണ് ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ ഉള്ളത്.<br><br>ടി വ്യവഹാരങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2015-16 വർഷങ്ങളിൽ കമ്പനി നിയമം, 1956 ലെ ലിക്വിഡേഷൻ വ്യവസ്ഥകൾ അനുസരിച്ച് ടി കമ്പനികളെ ലിക്വിഡേറ്റ് ചെയ്യുവാൻ ഉത്തരവായി. ടി ഉത്തരവ് അനുസരിച്ച് ഹൈക്കോടതിയുടെ ഒഫീഷ്യൽ ലിക്വിഡേറ്റർ ടി കമ്പനികളുടെ ചുമതല ഏറ്റെടുക്കുകയും സ്ഥാവര ജംഗമ വസ്തുക്കളുടെ കൈവശവും ഏറ്റെടുക്കുകയും ചെയ്തു.<br><br>കമ്പനി നിയമം 1956 പ്രകാരം ഏറ്റെടുത്ത വസ്തുക്കൾ കൈവശം കിട്ടുന്നതിനായി കെൽട്രോൺ 2017 ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ടി കമ്പനികളുടെ വസ്തുവിൽ 100 MW Solar Panel Manufacturing unit സ്ഥാപിക്കുന്നതിന് വേണ്ടി ഒരു പ്രോജെക്റ്റ് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.<br><br>കെൽട്രോൺ, വസ്തു കൈവശം കിട്ടുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയും, കമ്പനീസ് ആക്ട് 1956-ലെ സെക്ഷൻ 391 മുതൽ 394 വരെ നിഷ്കർഷിച്ചിരിക്കുന്ന ഫോർമാറ്റ് പ്രകാരമുള്ള പുതിയ അപേക്ഷ നൽകാൻ അവസരം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇപ്പോഴത്തെ ഈ ഭൂമിയുടെ ബാദ്ധ്യത 13 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ